# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1961** **10-3-2020 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (എ) | പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും 14 പുതിയ ഇൻസ്പെക്ടറാഫീസുകൾ ആരംഭിക്കുകയും 14 ഇൻസ്പെക്ടർ തസ്തികകൾ ഉൾപ്പെടെ 63 സ്ഥിരം തസ്തികകളും, 42 ദിവസവേതന തസ്തികകളും സൃഷ്ടിക്കുകയും ചെയ്തു. ലീഗൽ മെട്രോളജി വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗും, ഐ.റ്റി സെല്ലും രൂപീകരിച്ചു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ഉപഭോക്തൃ സംരക്ഷണം കൂടുതൽ ഉറപ്പു വരുത്തുന്നതിനായി 14 പുതിയ വാഹനങ്ങൾ അനുവദിക്കുകയും വകുപ്പിന്റെ 41 വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ പട്ടത്ത് വകുപ്പിന്റെ ആസ്ഥാന മന്ദിരവും ലബോറട്ടറി കോംപ്ലക്സും അടങ്ങിയ ഏഴ് നില കെട്ടിടം നിർമ്മിച്ച് ടി കെട്ടിടത്തിൽ വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയം, ദക്ഷിണമേഖലാ ഡെപ്യൂട്ടി കൺട്രോളറാഫീസ്, അസിസ്റ്റന്റ് കൺട്രോളർ (ജനറൽ & ഫ്ലൈയിംഗ് സ്ക്വാഡ്) ഓഫീസുകൾ, സീനിയർ ഇൻസ്പെക്ടറാഫീസ്, ഇൻസ്പെക്ടറാഫീസ് (സർക്കിൾ-II) എന്നിവ പ്രവർത്തനമാരംഭിച്ചു. കൊല്ലത്ത് വകുപ്പിന്റെ ഓഫീസ് കെട്ടിടം/ലബോറട്ടറിയുടെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ വർക്കുകൾ കൂടി പൂർത്തിയായാൽ ടി കെട്ടിടം വകുപ്പിന് ഉപയോഗയോഗ്യമാകുന്നതാണ്. കോട്ടയം, കാസറഗോഡ് ജില്ലകളിൽ വകുപ്പിന് ലഭ്യമായ സ്ഥലത്ത് നിർമ്മിതി കേന്ദ്രം മുഖേന ഓഫീസ് കെട്ടിട നിർമ്മാണത്തിന് സർക്കാർ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ഓഫീസ്/ലബോറട്ടറി കെട്ടിട നിർമ്മാണത്തിനായി രണ്ട് കോടി കേന്ദ്ര ധനസഹായവും, പട്ടാമ്പി ഇൻപെക്ടറാഫീസിന് ഒരു കോടി രൂപ സംസ്ഥാന വിഹിതവും വകയിരുത്തിയിട്ടുണ്ട്. സർക്കാർ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് വകുപ്പിന്റെ സേവനങ്ങൾ സംബന്ധിച്ച സംശയ ദൂരീകരണത്തിനും, പരാതികൾ നൽകുന്നതിനുമായി ടോൾഫ്രീ നമ്പർ, കാൾസെന്റർ, സുതാര്യം മൊബൈൽ ആപ്പ് എന്നിവയും നടപ്പിലാക്കി. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിന്നും നൽകി വരുന്ന പായ്ക്കർ ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അളവുതൂക്ക ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ് വെയർ വികസിപ്പിച്ച് ടി സേവനങ്ങൾ ഇപ്പോൾ ഓൺലൈനായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ